**1) അഹറോൻ മരിച്ചത് ഏത് പർവതത്തിൽ വച്ചാണ്?**

**A) ഹോർ**

B) ബാശാൻ

C) സീനായി

D) കർമ്മേൽ

**2) മിസ്രയീമിലെ ഒന്നാമത്തെ ബാധ ഏതാണ്?**

**A) വെള്ളം രക്തമായിത്തീർന്നു.**

B) കടിഞ്ഞൂലുകൾ സംഹരിക്കപ്പെട്ടു.

C) കൽമഴ വർഷിച്ചു.

D) മൂന്നുദിവസം കൂരിരുട്ട് ഉണ്ടായി.

**3) യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങിയത് ആരാണ്?**

**A) ഏനോശ്**

B) യൂബാൽ

C) നോഹ

D) ലാമേക്ക്

**4) ശൂനേംകാരിയുടെ മകനെ ഉയിർപ്പിച്ച പ്രവാചകൻ ആരാണ്?**

**A) ഏലീശാ**

B) ഏലിയാവ്

C) നാഥാൻ

D) ശമുവേൽ

**5) സൂര്യനെയും ചന്ദ്രനെയും വിലക്കുന്നത് സംഭവിച്ചത് ആരുടെ കാലത്താണ്?**

**A) യോശുവ**

B) മോശ

C) ശമുവേൽ

D) ഏലിയാവ്

**6) വെളിപ്പാട് സാഹിത്യകൃതിയായി കണക്കാക്കുന്ന പഴയനിയമ ഗ്രന്ഥം ഏതാണ്?**

**A) ദാനിയൽ പ്രവചനം**

B) ഇയ്യോബ്

C) സഭാപ്രസംഗി

D) 1 ദിനവൃത്താന്തം

**7) എസ്തേറിനെ സംബന്ധിക്കുന്ന ശരിയായ പരാമർശം തെരഞ്ഞെടുക്കുക.**

**A) ഹദസ്സ എന്നും അറിയപ്പെട്ടു.**

B) മൊർദ്ദേഖായിയുടെ സഹോദരി.

C) വസ്ഥി രാജ്ഞിയുടെ സഹോദരി.

D) ബാബിലോണിയരെ വംശനാശത്തിൽ നിന്നും രക്ഷിച്ചു.

**8) ഏശാവിന്റെ വംശപരമ്പരയിൽ ഉൾപ്പെടുന്നവർ അറിയപ്പെടുന്നത് എങ്ങനെ?**

**A) ഏദോമ്യർ**

B) അമോര്യർ

C) മോവാബ്യർ

D) പെരിസ്യർ

**9) മോശ മുൾപടർപ്പിൽ അഗ്നി ദർശിച്ച പർവ്വതം ഏതാണ്?**

**A) ഹൊറേബ്**

B) ഹോർ

C) നേബോ

D) കർമ്മേൽ

**10) യോർദാനു കിഴക്കുള്ള ഏത് തോടിന് അരികെയാണ് ഏലിയാവ് പ്രവാചകൻ താമസിച്ചത്?**

**A) കെരീത്ത്**

B) കേബാർ

C) അർന്നോൻ

D) അർബന

**11) പത്ത് കൽപ്പനകൾ പരാമർശിക്കുന്ന പഴയനിയമത്തിലെ അധ്യായങ്ങൾ ഏതെല്ലാം?**

**A) പുറപ്പാട് 20, ആവർത്തനം 5**

B) പുറപ്പാട് 24, 1 രാജാക്കന്മാർ 3

C) പുറപ്പാട് 28, സംഖ്യ 4

D) പുറപ്പാട് 32, ആവർത്തനം 8

**12) അമാലേക്കുമായുള്ള യുദ്ധത്തിൽ മോശയുടെ കൈ ഉയർത്തി പിടിച്ചത് ആരെല്ലാം?**

**A) അഹറോൻ, ഹൂർ**

B) അഹറോൻ, യോശുവ

C) അഹറോൻ, മിര്യം

D) അബ്രാം, യിത്രോ

**13) 'ഞാൻ ബാലൻ എന്ന് നീ പറയരുത്. ഞാൻ നിന്നെ അയക്കുന്ന ഏവരുടെയും അടുക്കൽ നീ പോകയും ഞാൻ നിന്നോട് കൽപ്പിക്കുന്നതൊക്കെയും സംസാരിക്കുകയും വേണം.' ആര് ആരോട് പറഞ്ഞു?**

**A) യഹോവ യിരമ്യാ പ്രവാചകനോട്**

B) യഹോവ മോശയോട്

C) ശൗൽ ദാവീദ് രാജാവിനോട്

D) യേശു നഥനിയേലിനോട്

**14) യിരമ്യാവ് പ്രവാചകനെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**

**A) യിരമ്യാവിന്റെ ജന്മസ്ഥലം ബഥേലാണ്.**

B) യിരമ്യാവ് കഴുത്തിൽ നുകവുമായി ജനങ്ങളുടെ ഇടയിൽ നടന്നു.

C) ബാരൂക്ക് യിരമ്യാവിന്റെ ശിഷ്യനാണ്.

D) യിരമ്യാവിന്റെ നുകം ഒടിച്ചു കളഞ്ഞത് ഹനന്യാ പ്രവാചകനാണ്.

**15) ഇസ്രായേലിലെ രാജാക്കന്മാരെ സംബന്ധിക്കുന്ന ശരിയായ പരാമർശം തെരഞ്ഞെടുക്കുക.**

**A) ഇവയെല്ലാം ശരിയാണ്.**

B) ഇസ്രായേലിലെ രണ്ടാമത്തെ രാജാവിനെ അഭിഷേകം ചെയ്തത് ശമുവേലാണ്.

C) ഏഴുദിവസം മാത്രം രാജാവായിരുന്നത് സിമ്രിയാണ്.

D) ഏഴാമത്തെ വയസ്സിൽ യെഹോവാശ് രാജാവായി.

**16) വെളിച്ചപ്പാടത്തിയുടെ ഉള്ളിലുള്ള ദൂതനെ പുറത്താക്കിയത് ആരാണ്?**

**A) പൗലോസ് ശ്ലീഹ**

B) പത്രോസ് ശ്ലീഹ

C) ഏലിയാ പ്രവാചകൻ

D) എലീശാ പ്രവാചകൻ

**17) വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ പരാമർശിക്കുന്ന വംശാവലിയിൽ ഉൾപ്പെടാത്ത സ്ത്രീ ആരാണ്?**

**A) ഹന്ന**

B) താമാർ

C) രൂത്ത്

D) രാഹാബ്

**18) 'എഫഥാ' എന്ന വാക്കിന്റെ അർത്ഥം എന്താണ്?**
**A) തുറന്നു വരിക**
B) നിൽക്കുക
C) എഴുന്നേൽക്കുക
D) വഴിപാട്

**19) താഴെപ്പറയുന്നവരിൽ പൗലോസ് ശ്ലീഹായെ വിസ്തരിക്കാത്തത് ആരാണ്?**
**A) ക്രിസ്പോസ്**
B) ഫെലിക്സ്
C) ഫെസ്തോസ്
D) അഗ്രിപ്പാ രാജാവ്

**20) യോഹന്നാന്റെ മൂന്നാം ലേഖനം ആരെ അഭിസംബോധന ചെയ്യുന്നതാണ്?**
**A) ഗായോസ്**
B) ശീലാസ്
C) യാക്കോബ്
D) എപ്പഫ്രോദിത്തോസ്

**21) ഏതു സ്ഥലത്തെ ഗോപുരം വീണ് 18 പേർ മരിച്ചതായാണ് ലൂക്കോസ് 13:4 ൽ പറയുന്നത്?**
**A) ശീലോഹാം**
B) കഫർന്നഹും
C) നസറേത്ത്
D) സീദോൻ

**22) ദൈവിക ദർശനം ലഭിച്ച ശൗലിന്റെ മേൽ കൈവെച്ച് കാഴ്ചശക്തി നൽകിയ വ്യക്തി ആര്?**
**A) അനന്യാസ്**
B) ശീലാസ്
C) ലൂക്കോസ്
D) പത്രോസ് ശ്ലീഹാ

**23) 'കാൽവറി' എന്ന ലത്തീൻ വാക്കിന്റെ അർത്ഥം എന്താണ്?**
**A) തലയോട്ടിയുടെ സ്ഥലം**
B) കുരിശിച്ച സ്ഥലം
C) ഉയർന്ന മല
D) ആദമിന്റെ കല്ലറ

**24) മത്സ്യത്തിന്റെ വായിൽ നിന്നും ചതുർദ്രഹ്മപണം ലഭിച്ചത് പരാമർശിക്കുന്ന സുവിശേഷം ഏതാണ്?**

**A) മത്തായി**

B) മർക്കോസ്

C) ലൂക്കോസ്

D) യോഹന്നാൻ

**25) കർത്താവ് നിന്നോടു കല്പിച്ചതൊക്കെയും കേൾപ്പാൻ ഞങ്ങളെല്ലാവരും ഇവിടെ ദൈവത്തിന്റെ മുമ്പാകെ കൂടിയിരിക്കുന്നു. അര് ആരോട് പറഞ്ഞു?**

**A) കൊർന്നേലിയോസ് പത്രോസിനോട്.**

B) പെന്തിക്കോസ്തി നാളിൽ പത്രോസ് ജനസമൂഹത്തോട്.

C) ലുദിയാ പൗലോസ് ശ്ലീഹായോട്.

D) ഫെസ്തോസ് പൗലോസ് ശ്ലീഹായോട്.

**26) പുനരുത്ഥാനം ഇല്ല എന്ന് പഠിപ്പിച്ച യഹൂദ മതവിഭാഗം ഏതാണ്?**

**A) സദൂക്യർ**

B) ഗലാത്യർ

C) പരീശന്മാർ

D) ശാസ്ത്രിമാർ

**27) മരിച്ചവരിൽ നിന്ന് ഒരുത്തൻ എഴുന്നേറ്റ് അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെടും. ആര് ആരോട് പറഞ്ഞു?**

**A) ധനവാൻ അബ്രഹാമിനോട്.**

B) മാർത്ത യേശുവിനോട്

C) യേശു ലാസറിനോട്.

D) യായിറോസ് യേശുവിന്റെ ശിഷ്യന്മാരോട്

**28) യേശുവിന്റെ ശിഷ്യന്മാരെ സംബന്ധിക്കുന്ന ശരിയായ പരാമർശം തെരഞ്ഞെടുക്കുക.**

**A) ചുങ്കസ്ഥലത്ത് നിന്ന് യേശു വിളിച്ച ശിഷ്യൻ മത്തായിയാണ്.**

B) മത്തായിയുടെ പിതാവിന്റെ പേര് യോനാ എന്നാണ്.

C) വൈദ്യനായിരുന്ന അപ്പോസ്തോലൻ മർക്കോസാണ്.

D) ആദ്യം സാക്ഷിമരണം പ്രാപിച്ച ശ്ലീഹായുടെ ജന്മസ്ഥലം യെറുശലേമാണ്

**29) 'ഗുരോ, നിന്റെ ശിഷ്യന്മാരെ വിലക്കുക.' ആര് ആരോട് പറഞ്ഞു?**

**A) പരീശന്മാർ യേശുവിനോട്**

B) പടയാളികൾ യേശുവിനോട്

C) ശിഷ്യന്മാർ യേശുവിനോട്

D) കനാന്യകാരി സ്ത്രീ യേശുവിനോട്

**30) സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറച്ചു നിൽപ്പിൻ. അടിമ നുകത്തിൽ പിന്നെയും കുടുങ്ങി പോകരുത്. ഈ വേദഭാഗം പരാമർശിക്കുന്ന പുതിയ നിയമ പുസ്തകം ഏതാണ്?**

**A) ഗലാത്യർ**

B) 1 കൊരിന്ത്യർ

C) എബ്രായർ

D) 2 യോഹന്നാൻ

**31) 1665 മലങ്കരയിൽ ആദ്യമായി എത്തിയ അന്ത്യോക്യൻ മെത്രാപ്പോലീത്ത ആരാണ്?**

**A) മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീൽ**

B) മാർ യൂഹാനോൻ ഹിദായത്തള്ള

C) യൽദോ മാർ ബസേലിയോസ്

D) യുയാക്കിം മാർ കൂറീലോസ്

**32) 1876 ലെ മുളന്തുരുത്തി സുന്നഹദോസിനെ തുടർന്ന് രൂപീകരിക്കപ്പെട്ട ഭദ്രാസനങ്ങൾ എത്ര?**

**A) ഏഴ്**

B) നാല്

C) പന്ത്രണ്ട്

D) പത്ത്

**33) വിശുദ്ധ മറിയാമിനെ ദൈവമാതാവ് എന്ന് വിളിക്കുന്നത് തടഞ്ഞ വേദവിപരീതി ആരാണ്?**

**A) നെസ്തോറിയോസ്**

B) അറിയോസ്

C) യൂത്തിക്കസ്

D) മാസിഡോണിയോസ്

**34) സ്ലീബാദാസ സമൂഹത്തിന് തുടക്കം കുറിച്ച വർഷം?**

**A) 1924**

B) 1935

C) 1910

D) 1928

**35) വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് രൂപീകരിച്ച വർഷം ഏതാണ്?**

**A) 1948**

B) 1960

C) 1913

D) 1934

**36) മലങ്കരയിലെ നവീകരണ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാൻ കബറടങ്ങിയത് എവിടെ?**

**A) മാരാമൺ**

B) കോട്ടയം

C) കുന്നംകുളം

D) മാവേലിക്കര

**37) ക്രിസ്തുമതം ഔദ്യോഗിക മതമായി പ്രഖ്യാപിച്ച ആദ്യ രാഷ്ട്രം ഏതാണ്?**

**A) അർമേനിയ**

B) ഇറ്റലി

C) ഈജിപ്ത്

D) ജോർജിയ

**38) സാമൂഹിക പരിഷ്കർത്താവായിരുന്ന പത്രോസ് മാർ ഒസാത്തിയോസ് തിരുമേനിയുടെ കബറിടം എവിടെയാണ്?**

**A) മുളന്തുരുത്തി കർമ്മേൽ ദയറാ**

B) കൊരട്ടി സെഹിയോൻ സെമിനാരി

C) തൃക്കുന്നത്ത് സെമിനാരി

D) പത്തനംതിട്ട ബേസിൽ ദയറാ

**39) നിഖ്യാ സുന്നഹദോസിൽ പേർഷ്യ, വലിയ ഇന്ത്യ എന്നീ പ്രദേശങ്ങളെ പ്രതിനിധീകരിച്ച് പങ്കെടുത്തതായി കരുതുന്ന മെത്രാൻ ആരാണ്?**

**A) മാർ യോഹന്നാൻ**

B) മാർ കൂറിലോസ്

C) മാർ പൗലോസ്

D) ആർച്ച് ബിഷപ്പ് മെനസസ്

**40) മലങ്കരയിൽ രണ്ടു പഠിത്ത വീടുകൾ സ്ഥാപിക്കാൻ തീരുമാനിച്ച 1809 ലെ മലങ്കര പള്ളിയോഗം കൂടിയത് എവിടെ?**

**A) കണ്ടനാട്**

B) കോട്ടയം

C) നിരണം

D) പരുമല

**41) പട്ടംശുശ്രൂഷകൾക്ക് പ്രാരംഭമായി സ്ഥാനാർത്ഥി പ്രധാന കാർമികനെ ഏൽപ്പിക്കുന്ന വിശ്വാസപ്രമാണ സംഹിത ഏതാണ്?**

**A) അമാലോഗിയ**

B) തെയോലോഗിയ

C) അപ്പോളജി

D) അനാഫോറ

**42) ജനുവരി ഒന്നിന് നാം ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ ആരെല്ലാം?**

**A) മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ്**

B) മാർ അന്തോണിയോസ്, മാർ പക്കോമിയോസ്

C) മാർ കൂറിലോസ്, മാർ അപ്രേം

D) യാക്കോബ് ബുർദാന, മാർ സേവേറിയാസ്

**43) ഉയിർപ്പ് പെരുന്നാളിന് ശേഷം വരുന്ന ഒരാഴ്ച അറിയപ്പെടുന്നത് എങ്ങനെ?**

**A) ഹേവോറെ ദിനങ്ങൾ**

B) പേത്രത്ത ദിനങ്ങൾ

C) മോറാനായ ദിനങ്ങൾ

D) കാത്തിരിപ്പ് ദിനങ്ങൾ

**44) ഒമ്പതാം മണി നമസ്കാരത്തിലെ പ്രധാനപ്പെട്ട പ്രാർത്ഥന വിഷയം എന്താണ്?**

**A) വാങ്ങിപ്പോയവർ**

B) സഹദേന്മാർ

C) വേദശാസ്ത്രജ്ഞർ

D) പ്രവാചകന്മാർ

**45) പള്ളിയുടെ മധ്യത്തിൽ സ്ലീബാ സ്ഥാപിക്കുന്നത് ആരാധനാ വർഷത്തിലെ ഏതു ദിവസം?**

**A) പാതിനോമ്പ്**

B) ഉയിർപ്പ്

C) സ്ലീബാ പെരുന്നാൾ

D) ഓശാന ഞായർ

**46) വലിയ നോമ്പ് ആരംഭിക്കുന്ന ഞായറാഴ്ചയിലെ ഏവൻഗേലിയോൻ വേദഭാഗം ഏതാണ്?**

**<u>A) കാനാവിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കുന്നു.</u>**

B) യെരുശലേമിലേക്കു യേശു കഴുതയുടെ പുറത്തു പ്രവേശിക്കുന്നു.

C) വിശ്വസ്തനും ബുദ്ധിമാനുമായ കാര്യസ്ഥന്റെ ഉപമ.

D) കുഷ്ഠരോഗിയുടെ സൗഖ്യം.

**47) ഏറ്റവും പുരാതനമായ വിശുദ്ധ കുർബാന തക്സയായി കണക്കാക്കുന്നത് ഏതാണ്?**

**<u>A) മാർ യാക്കോബിന്റെ അനാഫോറ</u>**

B) മാർ പത്രോസിന്റെ അനാഫോറ

C) ശ്ലീഹന്മാരുടെ അനാഫോറ

D) മാർ ഇവാനിയോസിന്റെ അനാഫോറ

**48) ധൂപക്കുറ്റിയുടെ അർത്ഥതലങ്ങൾ സംബന്ധിച്ച് തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**

**<u>A) ധൂപക്കുറ്റിയുടെ താഴത്തെ പാത്രം സഭയെ സൂചിപ്പിക്കുന്നു.</u>**

B) കരി പാപം നിറഞ്ഞ മനുഷ്യവർഗ്ഗത്തെ സൂചിപ്പിക്കുന്നു.

C) പന്ത്രണ്ട് മണികൾ അപ്പോസ്തോലന്മാരുടെ പ്രഖ്യാപനത്തിന്റെ പ്രതീകമാണ്.

D) ധൂപക്കുറ്റിയിൽ നിന്നും ഉയരുന്ന സൗരഭ്യധൂപം പ്രാർത്ഥനയെ സൂചിപ്പിക്കുന്നു.

**49) മേല്പട്ടക്കാരോടൊപ്പം 12 പട്ടക്കാർ, 12 പൂർണ ശെമ്മാശന്മാർ, 12 യൗപദ്യക്കിനന്മാർ എന്നിവർ ചേർന്ന് നിർവഹിക്കുന്ന ആരാധനാവേള ഏതാണ്?**

**<u>A) മൂറോൻ കൂദാശ</u>**

B) പള്ളികൂദാശ

C) കാതോലിക്കാ വാഴ്ച

D) മെത്രാപ്പോലീത്തന്മാരുടെ കബറടക്കം

**50) മലങ്കര സഭ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ച വർഷം?**

**<u>A) 1953</u>**

B) 1499

C) 1599

D) 1934